പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1935

11.02.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

## അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ നിയമനം

ചോദ്യം
ശ്രീ.കെ.എം.ഷാജി

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നാളിതുവരെ 219 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ 196 ഒഴിവുകളിലേയ്ക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. 23 ഒഴിവുകൾ നിയമനശിപാർശക്കായി അവശേഷിക്കുന്നു. |
| (ബി) | ഇവർക്ക് എന്നത്തേക്ക് നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് പറയാമോ; | (ബി) (സി) (ഡി) & (ഇ) | പ്രസ്തുത തസ്തികയിലേയ്ക്ക് തയ്യാറാക്കിയ റൊട്ടേഷനിൽ OBC ടേണിൽ പരിഗണിച്ചു വന്ന ഉദ്യോഗാർത്ഥിയെ മുമ്പ് debar ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി ഉദ്യോഗാർത്ഥിയുടെ പേര് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്താൽ മാത്രമേ ടി ടേണിലേയ്ക്ക് പ്രസ്തുത റാങ്കലിസ്റ്റിൽ നിന്നും നിയമനശിപാർശ നൽകാൻ കഴിയുകയുള്ളൂ. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ തസ്തികയിൽ 24/10/2019 ലെ അപ്പോയ്മെന്റ് ചാർട്ടിൽ ക്രമനമ്പർ 16 ആയി ഒ.ബി.സി. സംവരണത്തിന് ഒരൊഴിവ് മാറ്റിവച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരൊഴിവ് ഒഴിച്ചിടാനുള്ള കാരണം വ്യക്തമാക്കുമോ; | | |
| ഡി) | ഈ തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഇ) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒ.ബി.സി. വിഭാഗത്തിൽ നിയമനം തടസ്സപ്പെടുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | മതിയായ രേഖകളില്ലാതെ | (എഫ്) | ഇല്ല. |

| | | | |
|---|---|---|---|
| | ഒ.ബി.സി. വിഭാഗത്തിൽ ആരെങ്കിലും പ്രസ്തുത റാങ്ക് ലിസ്റ്റിൽ കടന്നു കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ജി) | ഈ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ എന്നത്തേയ്ക്ക് പുനഃരാരംഭിക്കാൻ കഴിയുമെന്ന് പറയാമോ? | (ജി) | OBC ടേണിൽ പരിഗണിക്കേണ്ട ഉദ്യോഗാർത്ഥിയെ മുമ്പ് debar ചെയ്തിട്ടുള്ളതിനാൽ ടി ഉദ്യോഗാർത്ഥിയുടെ പേര് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്തതിന് ശേഷം നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ